**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4920

14/11/2019- ൽ മറുപടിയ്ക്ക്

## പാലക്കാട് നഗരസഭയിലെ താണാവ് രാജീവ് നഗറിലെ കുടുംബങ്ങൾക്ക് പട്ടയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ : | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് നഗരസഭയിലെ താണാവിലുള്ള രാജീവ് നഗറിൽ വർഷങ്ങളായി താമസിച്ചുവരുന്ന പതിനാല് കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കണമെന്ന മനുഷ്യവകാശ കമ്മീഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവർക്ക് പട്ടയം നൽകുന്നതിന് സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;<br>(സി) ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്ന കാര്യം വിശദമാക്കാമോ? | (ബി) & (സി) ടി വിഷയം സംബന്ധിച്ച് ബഹു.ഹൈക്കോടതിൽ WP(C) No. 17271/2018 നമ്പർ കേസ് നിലവിലുണ്ട്. പാലക്കാട് - 1 വില്ലേജ്. സർവ്വെ നമ്പർ 3126, 3127, 3129 -ൽ ഉൾപ്പെട്ട ഭൂമി റവന്യൂ വകുപ്പിന്റെ അധീനതയിൽ അല്ലാത്തതിനാൽ ഭൂമി പതിവ് നടപടിക്രമങ്ങൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാകുന്നു. സർവ്വെ നം. 3127, 3129 റെയിൽവെ വകുപ്പിന്റെ അധീനതയിലും സർവ്വെ നമ്പർ 3126 വനം വകുപ്പിന്റെ അധീനതയിലുമാകുന്നു. റെയിൽവേ അധീനതയിലുള്ള ഭൂമി ഭാവി വികസനത്തിന് ആവശ്യമായി വരുന്നതാകയാൽ ടി സ്ഥലത്തിന് പട്ടയം നൽകുവാൻ നിർവ്വാഹമില്ല എന്ന് റെയിൽവേ അധികൃതർ 20.01.2011 ന് കൂടിയ ബഹു. കേരള നിയമസഭ പെറ്റീഷൻ കമ്മിറ്റി മുമ്പാകെ അറിയിച്ചിട്ടുള്ളതാകുന്നു. 01.01.1977 ന് മുൻപ് വനഭൂമി കയ്യേറിയവരുടെ പട്ടികയിൽ അപേക്ഷകർ ഉൾപ്പെടാത്തതിനാൽ വനഭൂമിയ്ക്ക് പട്ടയം നൽകാൻ നിർവ്വാഹമില്ലാത്തതാകുന്നു ടി വിഷയം സംബന്ധിച്ച WP(C) നം. 17271/2018 കേസിലെ അന്തിമ വിധിയ്ക്ക് അനുസൃതമായി ഇക്കാര്യത്തിൽ ചട്ടപ്രകാരമുള്ള അനന്തരനടപടികൾ സ്വീകരിക്കാവുന്നതാണ്. |

Indu.S.S

**സെക്ഷൻ ഓഫീസർ**